

# എമ്മാവൂസ്
# വചനദൂത്

**ഏലിയാ സ്ലീവാ മൂശാക്കാലം
5-ാം ഞായർ**

മത്തായി 17: 14 - 21, നിയമാ. 9: 1 - 16, ഫിലി. 3: 1 - 11, ഏശയ്യ 25: 1 - 8

Vol. IX    Issue 18

ബ്ര. ജോഷി കണ്ണമ്പുഴ

**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരെ,

മിശിഹായുടെ പുനരാഗമനത്തെയും അന്ത്യവിധിയെയും ധ്യാനിച്ചുകൊണ്ട് ജീവിതത്തെ ക്രമീകരിക്കാൻ സഭ തന്റെ മക്കളെ ഉദ്ബോധിപ്പിക്കുന്ന കാലമാണ് ഏലിയാ സ്ലീവാ മൂശാക്കാലങ്ങൾ. ഇവിടെ പ്രായശ്ചിത്ത പ്രവൃത്തികളിലൂടെ ജീവിതത്തെ വിശുദ്ധീകരിക്കാനും അങ്ങനെ അന്ത്യവിധിക്ക് ഒരുങ്ങാനും സഭ നമ്മോട് ആഹ്വാനം ചെയ്യുന്നു. ഈശോയുടെ രൂപാന്തരീകരണത്തിന് ശേഷം തന്റെ മൂന്ന് അപ്പസ്തോലന്മാരോടു കൂടെ താഴ്‌വരയിലേക്ക് ഇറങ്ങിവരുമ്പോൾ അപസ്മാര രോഗിയായ ഒരു ബാലനെ സുഖപ്പെടുത്താൻ സാധിക്കാത്ത ശിഷ്യരുടെ അൽപവിശ്വാസത്തെ ശാസിക്കുന്നതാണ് ഇന്നത്തെ സുവിശേഷഭാഗത്തിൽ നാം വായിച്ചുകേട്ടത്. സമാന്തരസുവിശേഷങ്ങൾ മൂന്നിലും ഒരുപോലെ ഈ സംഭവം വിവരിച്ചിരിക്കുന്നു. വി. മത്തായി 10 : 8 ൽ ഈശോ തന്റെ ശിഷ്യന്മാർക്ക് പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതിന് അധികാരം നൽകുന്നതായി കാണുന്നുണ്ട്. പക്ഷേ ഈ അധികാരത്തെ വിനിയോഗിക്കാൻ കഴിയാതെ വിഷമിക്കുന്ന ശിഷ്യന്മാരെയാണ് നാം കാണുക. തങ്ങൾക്ക് എന്തുകൊണ്ടാണ് ഇതിനു കഴിയാതെ പോയത് എന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് 'നിങ്ങളുടെ അൽപവിശ്വാസമാണ് ഇതിനു കാരണമെന്നാണ്' ഈശോ പറയുന്നത്.

ഇവിടെ അൽപവിശ്വാസമെന്നത്, വിശ്വാസം തീർത്തുമില്ലാത്ത അവസ്ഥയല്ല മറിച്ച്, ബലഹീനമായ വിശ്വാസത്തെയാണ് സൂചിപ്പിക്കുന്നത്. എങ്കിലും അൽപവിശ്വാസം വിശ്വാസമില്ലായ്മയുടെ ഫലം തന്നെയാണ് ഇവിടെ കൊണ്ടുവരുന്നത്. നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ മലയോട് കൽപിച്ചാൽ അവ മാറിപ്പോകുമെന്ന് ഈശോ പറയുന്നുണ്ട്. അതിന്റെ പൊരുൾ ഇതാണ്. ഏതു മണ്ണിലും പൊട്ടി തഴച്ച് വളർന്ന് ഫലം പുറപ്പെടുവിക്കുന്ന വിത്താണ് കടുകുമണി. വിശ്വാസവും അതുപോലെ തന്നെയാണ്. ദൈവത്തെയും ദൈവശക്തിയെയും കേന്ദ്രീകരിച്ച് ജീവിക്കുന്ന ഒരുവനിലുള്ള വിശ്വാസം അത് ഏത് അവസ്ഥയിലും ഫലം ചൂടുന്നു. എന്നാൽ ദൈവത്തെയോ അവിടുത്തെ ശക്തിയെയോ വിശ്വസി

ക്കാത്തവനിലും അവിടുത്തെ ആശ്രയിക്കാത്തവനിലും ദൈവം ചെയ്യാനിരിക്കുന്ന കാര്യം പോലും സംഭവിക്കാതെ വരുന്നു. നിയമാ. 9 : 3 ൽ ഇസ്രായേൽ ജനങ്ങളോട് ദൈവം അരുളിചെയ്യുന്നുണ്ട്, 'നിങ്ങളുടെ ദൈവമായ കർത്താവാണ് ദഹിപ്പിക്കുന്ന അഗ്നിയായി നിങ്ങളുടെ മുമ്പിൽ പോകുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കണം'. അതായത് പൂർവ്വപിതാവായ അബ്രാഹത്തോട് വാഗ്ദാനം ചെയ്ത ഭൂമിയിലേക്ക് തങ്ങളെ നയിക്കുന്നതും, തങ്ങളുടെ യാത്രയിൽ വന്നുചേരുന്ന പ്രതിസന്ധികളെല്ലാം മാറ്റിക്കളഞ്ഞ് തങ്ങളെ സംരക്ഷിക്കുന്നതും ദൈവമാണെന്ന് വിശ്വസിക്കാൻ പലപ്പോഴും ഇസ്രായേൽ ജനത്തിന് കഴിയാതെ പോയി. ചില സമയങ്ങളിലെ പ്രതിസന്ധികൾ വരുന്നത് സർവ്വശക്തനായ ദൈവത്തിൽ ആശ്രയിക്കാനും അവിടുന്നിലുള്ള വിശ്വാസം ആഴപ്പെടുത്താനുമുള്ള സമയമാണെന്നുള്ളതും അവർ വിസ്മരിച്ച് കളഞ്ഞു.

യേശുവിലുള്ള വിശ്വാസമാണ് നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനവും ശക്തിയും. ചിലപ്പോഴൊക്കെ മല പോലുള്ള പ്രതിബന്ധങ്ങൾ വഴിമുടക്കികളായി ജീവിതയാത്രയിൽ പ്രത്യക്ഷപ്പെടുമ്പോൾ നാമെല്ലാം പതറിപ്പോകാറുണ്ട്. കാരണം, വിശ്വാസത്തിൽ നാം ആഴപ്പെട്ടിട്ടില്ല എന്നുള്ളതു തന്നെ. ഏശയ്യാ 26 : 4 ൽ പറയുന്നു 'അങ്ങ് പാവപ്പെട്ടവർക്ക് കോട്ടയും ദരിദ്രന്റെ കഷ്ടതകളിൽ അവന് ഉറപ്പുള്ള അഭയവുമാണ്'. എവിടെയെല്ലാം സഹായം ആവശ്യമുണ്ടോ.. എവിടെയെല്ലാം ബുദ്ധിമുട്ടുകളുണ്ടോ.. അവിടെയെല്ലാം സഹായകനായി കടന്നുവരാൻ തയ്യാറായി നിൽക്കുന്നവനാണ് നമ്മുടെ ദൈവം. ഇങ്ങനെ പറഞ്ഞുകേട്ടിട്ടുണ്ട്, നമ്മുടെ ജീവിതത്തിൽ സഹായമായിട്ട് ഒരിക്കലും നേരത്തെ വരുന്നവനല്ല ദൈവം. അവനൊരിക്കലും നേരം വൈകിയും വരില്ല. പിന്നെയോ നമ്മുടെ ജീവിതത്തിന്റെ ആവശ്യങ്ങളിൽ തക്ക സമയത്ത് ഇടപെടുന്നവനാണ് അവിടുന്ന്. ഇത് നമ്മൾ വിശ്വസിക്കണം. ഹെബ്രായർ 11 : 4 ൽ കാണുന്നു 'വിശ്വാസം മൂലം ആബേൽ, കയേനെക്കാൾ ശ്രേഷ്ഠമായ ബലി ദൈവത്തിനർപ്പിച്ചു. അതിനാൽ അവൻ നീതിമാനായി അംഗീകരിക്കപ്പെട്ടു'. ഈ വിശ്വസത്തെ പൗലോസ് ശ്ലീഹാ ഏറ്റു പറയുന്നതിങ്ങനെയാണ് എനിക്ക് നിയമത്തിൽ നിന്നുള്ള നീതിയല്ല ഉള്ളത്, പിന്നെയോ ക്രിസ്തുവിലുള്ള വിശ്വാസം വഴി ലഭിക്കുന്ന നീതിയാണ് (ഫിലി 3 : 9).

കർത്താവിലുള്ള ഉറച്ച വിശ്വാസമാണ് അനുഗ്രഹത്തിന് നമ്മെ അർഹരാക്കി മാറ്റുന്നത്. ഉറച്ച വിശ്വാസമുണ്ടെങ്കിൽ ദൈവം അത്ഭുതം പ്രവർത്തിക്കും. തെരുവിൽ അലഞ്ഞു നടക്കുന്ന, ആകാശപ്പറവകളുടെ കൂട്ടുകാരനായ ജോർജ്ജ് കുറ്റിക്കലച്ചന്റെ ജീവിതത്തിലെ ഒരു സംഭവം ഇപ്രകാരമാണ്. ഒരു ദിവസം അടുക്കളയിൽ ജോലി ചെയ്യുന്ന ചേട്ടൻ ഓടിവന്ന് പറഞ്ഞു; അച്ചാ അരി തീർന്നുപോയി. കുറച്ച് അരി വാങ്ങിക്കണം. (അന്ന് അച്ചന്റെ കയ്യിൽ ഒരു പൈസ പോലും ഉണ്ടായിരുന്നില്ല) ഈ ചേട്ടൻ അരിയിടാനുള്ള വെള്ളം തിളച്ച് കഴിഞ്ഞ് അരിയെടുക്കാൻ ചെന്നപ്പോഴാണ് അരിയില്ലെന്നുള്ള കാര്യം അറിഞ്ഞത്. ഒരു നേരത്തെ ഭക്ഷണത്തിന് അന്ന് 25 കിലോ അരി വേണമായിരുന്നു. 6 കിലോ അരിമാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. അയാൾ സങ്കടപ്പെട്ട് കാര്യം പറഞ്ഞപ്പോൾ അച്ചൻ പറഞ്ഞു; മോൻ അവിടെയുള്ള അരിയെടുത്ത് പ്രാർത്ഥിച്ച് പാത്രത്തിലിട്ടോ, ബാക്കി കാര്യം കർത്താവ് നോക്കിക്കൊള്ളും. അയാൾ അടുക്കളയിൽ ചെന്ന് അച്ചൻ പറഞ്ഞതു പോലെ ചെയ്തു. അൽപം കഴിഞ്ഞപ്പോൾ അടുക്കളയിൽ നിന്ന് ആ ചേട്ടൻ ഓടി വന്ന് പറഞ്ഞു; അച്ചാ അത്ഭുതം നടക്കുന്നത് കാണണമെങ്കിൽ വാ... കാരണം വെറും 6 കിലോ അരി, 25 കിലോ അരിയിടാവുന്ന ചെമ്പിൽ വെന്ത് നിറഞ്ഞ് കൊണ്ടിരിക്കുകയായിരുന്നു. മാത്രവുമല്ല, ഒരു ചെമ്പ് ചോറ് കോരി മാറ്റിയിട്ടും മറ്റൊരു നേരത്തേക്കും കൂടിയുള്ള ചോറ് അതിൽ നിറഞ്ഞ് വരികയും ചെയ്തു.

പ്രിയമുള്ള സഹോദരങ്ങളെ, യഥാർത്ഥ വിശ്വാസമെന്നത് ദൈവത്തിലുള്ള ആശ്രയത്വത്തിലാണ് അടങ്ങിയിരിക്കുന്നത്. അവിടെയാണ് ദൈവം അത്ഭുതം പ്രവർത്തിക്കുന്നത്. പലപ്പോഴും നമ്മുടെ വിശ്വാസം ദൈവത്തിൽ ആശ്രയിക്കാതെ അൽപവിശ്വാസത്തിന്റെ തലത്തിലേയ്ക്ക് മാറിപ്പോകാറുണ്ട്. ഈ അവസ്ഥയിൽ നിന്ന് ആഴമേറിയ വിശ്വാസത്തിലേയ്ക്കുള്ള വളർച്ചയാണ് ദൈവം പ്രതീക്ഷിക്കുക. അപ്പോൾ ലോകം അത്ഭുതമെന്ന് പറയുന്ന പല കാര്യങ്ങളും നമ്മിലൂടെ ദൈവം പ്രവർത്തിക്കും. യോഹ 14 : 2 ൽ ഈശോ പറയുന്നുണ്ട് 'എന്നിൽ വിശ്വസിക്കുന്ന ഏവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും'. അങ്ങനെ ദൈവത്തിൽ വിശ്വസിക്കുന്നവരായി മാറാം. അതിനായി ഈശോ നമ്മെ ഓരോരുത്തരെയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ. ആമേൻ.